# പ്രസിദ്ധീകരണത്തിന്

# വിജ്ഞാപനം

## കുടുംബശ്രീ ഇടുക്കി ജില്ലാമിഷനിൽ വിവിധ ബ്ലോക്കുകളിലായി ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ ഒഴിവുകൾ

ഇടുക്കി ജില്ലയിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ ബ്ലോക്ക് തലത്തിൽ നിർവ്വഹണത്തിനായി നിലവിലെ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ ഒഴിവിലേക്കായി താഴെപറയും പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് നം | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | വിദ്യാഭ്യാസ യോഗ്യത | വയസ്/പ്രായപരിധി | പ്രതിമാസ ശമ്പളം |
|---|---|---|---|---|---|
| ബി.സി 1 | ബ്ലോക്ക്കോ-ഓർഡിനേറ്റർ (എൻ.ആർ.എൽ.എം), ബ്ലാക്ക് കോ-ഓർഡിനേറ്റർ (ഡി.ഡി.യു.ജി.കെ.വൈ) | 2<br>4 | ബിരുദാനന്തര ബിരുദം | 01.10.2020-ന് 35 വയസ്സിൽ കൂടാൻ പാടില്ല | 20,000/-രൂപ |
| ബി.സി 3 | ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ്) | 1 | ബിരുദം, കംപ്യൂട്ടർ പരിജ്ഞാനം നിർബന്ധം. (എം.എസ് വേഡ്,എക്സൽ), വനിതകൾ മാത്രം (കുടുംബശ്രീ കുടുംബാംഗങ്ങൾ അയിരിക്കണം) | | 15,000/-രൂപ |

**നിയമന രീതി**

1 ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം

2 തെരഞ്ഞെടുപ്പു രീതി - എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ

3 അപേക്ഷിക്കുന്ന ബ്ലോക്കിലെ സ്ഥിരതാമസക്കാർ, തൊട്ടടുത്ത ബ്ലോക്കിൽ താമസിക്കുന്നവർ/ ജില്ലയിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

4 ബി.സി-3 (ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ്) തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ കുടുംബശ്രീ അയൽക്കൂട്ട അംഗമോ അല്ലെങ്കിൽ വനിതയായ കുടുംബാംഗമോ ആയിരിക്കണം. നോട്ടിഫിക്കേഷൻ തീയതിക്കു മുമ്പ് കുടുംബശ്രീ അയൽക്കൂട്ട അംഗമായവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ മാത്രമേ അപേക്ഷിക്കാൻ കഴിയൂ.

5 ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

6 ഒഴിവുകളുടെ എണ്ണത്തിൽ മാറ്റമുണ്ടായേക്കാം.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1 അപേക്ഷകൾ കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.

2 അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 23.11.2020 വൈകുന്നേരം 5.00 മണിവരെ

3 ഭാഗീകമായി പൂരിപ്പിച്ച/അവ്യക്തമായ അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.

4 പരീക്ഷ ഫീസായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ഇടുക്കി ജില്ലയുടെ പേരിൽ മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5 പൂരിപ്പിച്ച അപേക്ഷക്കൊപ്പം വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ അടങ്ങിയ അഡ്രസ്സ് പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ഡിമാന്റ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.

6 യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല.

7 അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ കുടുംബശ്രീ ബി.സി-1 അല്ലെങ്കിൽ ബി.സി-2 അല്ലെങ്കിൽ ബി.സി-3 ഒഴിവിലേക്കുള്ള അപേക്ഷ എന്ന് വ്യക്താമായി രേഖപ്പെടുത്തണം.

8 ഓരോ കോഡിലുമുള്ള തസ്തികൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടത്.

**അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം**

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ
സിവിൽ സ്റ്റേഷൻ,
പൈനാവ് പി.ഒ, കുയിലിമല, ഇടുക്കി
പിൻകോഡ് - 685603, ടെലിഫോൺ- 232223

21.10.2020 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

കുയിലിമല കുടുംബശ്രീ, ഇടുക്കി